**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2335

**09.12.2014**- ൽ മറുപടിക്ക്

## സഹകരണസംഘങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ

**ചോദ്യം**

**ശ്രീ. എ.എ.അസീസ് :**
**ശ്രീ. കോവൂർ കുഞ്ഞുമോൻ :**

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) സഹകരണ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകുന്നത്;

(എ) സഹകരണ സംഘം രജിസ്ട്രാരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ വിവരം ചുവടെ പരാമർശിക്കുന്നു.

**എ) സംസ്ഥാന പദ്ധതികൾ**

1. ജില്ലാ സഹകരണ ബാങ്കുകളിലും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും എസ്.സി/ എസ്.റ്റി സംഘങ്ങളിലും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഓഹരിയിനത്തിലും സബ്സിഡിയിനത്തിലും ധനസഹായം നൽകുന്നു.
2. നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നതിന് സബ്സിഡി
3. മുൻവർഷത്തെക്കാൾ കൂടുതൽ കാർഷിക വായ്പ/ നെൽകൃഷിക്ക് വായ്പ നൽകുന്ന സംഘങ്ങൾക്ക് പ്രോത്സാഹന സഹായം
4. കൊയ്ത്തുമെതിയന്ത്രം വാങ്ങുന്നതിന് പ്രോത്സാഹനഗ്രാന്റ്
5. വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് കമ്പ്യൂട്ടർവത്ക്കരണം, കോർ ബാങ്കിംഗ് എ.റ്റി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക വൽക്കരണം എന്നിവയ്ക്കുള്ള ധനസഹായം.
6. ബാങ്കുകളുടെ മൂലധന അടിത്തറ ശക്തിപ്പെടുത്താൻ ധനസഹായം

7. വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിപണന-സംസ്കരണ സംഘങ്ങൾ, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സഹകരണ ആശുപത്രികൾ, ബന്ധപ്പെട്ട ഫെഡറേഷനുകൾ, അപ്പക്സ് സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് രൂപീകൃതമായ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓഹരി/വായ്പ/സബ്സിഡി എന്നീ ഇനത്തിലുള്ള ധനസഹായം.
8. സംയോജിത സഹകരണ വികസന പദ്ധതികൾക്ക് ധനസഹായം.
9. ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹായം
10. നബാർഡിന്റെ 'RIDF' എന്ന പദ്ധതിക്കുള്ള ധന സഹായം.
11. മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം (ഓഹരി/വായ്പ/സബ്സിഡി)
12. സഹകരണ സംഘങ്ങളുടെ വികസനത്തിനും, പുനരുദ്ധാരണത്തിനുമുള്ള സഹായം
13. വിനോദ സഞ്ചാര പ്രോത്സാഹനത്തിന് സഹകരണ സംഘങ്ങൾക്ക് സഹായം
14. പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ധനസഹായം
15. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്ന കർഷക സേവന കേന്ദ്രങ്ങൾക്കുള്ള ധനസഹായം
16. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

**ബി) <u>എൻ.സി.ഡി.സി/നബാർഡ് പദ്ധതി</u>**

എൻ.സി.ഡി.സി./നബാർഡ് തുടങ്ങിയ ഏജൻസികൾ മുഖേന ഓഹരി, വായ്പ സബ്സിഡി എന്നീ ഇനങ്ങളിലായി സംഘങ്ങൾക്ക് ഗോഡൗൺ നിർമ്മാണം, മറ്റ് പദ്ധതികൾ വിവിധ സഹകരണ സംഘങ്ങൾക്കുള്ള പശ്ചാത്തല വികസനം, ഫെഡറേഷനുകൾക്കുള്ള ധനസഹായം എന്നിവ നൽകി വരുന്നു.

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവർത്തനം അവസാനിപ്പിച്ച എത്ര സംഘങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി)2014 ജൂൺ മാസം 30-ാം തീയതി വരെ സംസ്ഥാനത്താകെ 154 സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ പറയുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | : | 9 |
| കൊല്ലം | : | 11 |
| പത്തനംതിട്ട | : | 11 |
| ആലപ്പുഴ | : | 39 |
| കോട്ടയം | : | 13 |
| ഇടുക്കി | : | 15 |
| എറണാകുളം | : | 20 |
| തൃശ്ശൂർ | : | 1 |
| പാലക്കാട് | : | 7 |
| മലപ്പുറം | : | 11 |
| കോഴിക്കോട് | : | 4 |
| വയനാട് | : | 4 |
| കണ്ണൂർ | : | 5 |
| കാസറഗോഡ് | : | 4 |
| **ആകെ** | : | **154** |

**സെക്ഷൻ ഓഫീസർ**